**KERALA GRAMIN BANK**

Head Office, A K Road, Malappuram

**Tender No. 8/2025** **30.08.2025**

## ടെൻഡർ അറിയിപ്പ്

കേരള ഗ്രാമീൺ ബാങ്ക് പഴയതും ഉപയോഗശൂന്യവുമായ ഫർണിച്ചറുകൾ, ഇരുമ്പ് റാക്ക്, പ്ലാസ്റ്റിക് മുതലായ വസ്തുവകകൾ നിലവിലുള്ള സ്ഥിതിയിൽ ഏറ്റെടുക്കുന്നതിനായി, ഈ മേഖലയിൽ പരിചയമുള്ള സ്ഥാപനങ്ങൾ / വ്യക്തികളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുന്നു.

### 1. പ്രവർത്തന പരിധി:

- ഫർണിച്ചറുകൾ, ഇരുമ്പ് റാക്ക്, പ്ലാസ്റ്റിക് മുതലായ വസ്തുവകകൾ ഏറ്റെടുക്കൽ.
- വസ്തുവകകൾ കേരള ഗ്രാമീൺ ബാങ്ക്, ഹെഡ്ഓഫിസിൽ **നിലവിലുള്ള സ്ഥിതിയിൽ** ലഭ്യമാണ്.
- ടെണ്ടറിൽ വിജയിയാകുന്ന ബിഡ്ഡർ, മുഴുവൻ വസ്തുവകകളും കോൺട്രാക്ട് നൽകി രണ്ട് ദിവസത്തിനുള്ളിൽ ഏറ്റെടുത്തുകൊണ്ടുപോകുന്നതിന് ഉത്തരവാദിയായിരിക്കണം.

### 2. അർഹതാ മാനദണ്ഡം:

- പ്രസ്തുത മേഖലിയുള്ള പ്രവൃത്തി പരിചയം

### 3. പരിശോധന:

- താല്പര്യമുള്ളവർക്ക് സെപ്റ്റംബർ 1, 2, 3, 8 തീയതികളിൽ ഓഫീസ് സമയത്ത് കേരള ഗ്രാമീൺ ബാങ്ക്, ഹെഡ്ഓഫിസിൽ നേരിട്ടെത്തി വസ്തുവകകൾ പരിശോധിക്കാവുന്നതാണ്.

### 4. ക്വട്ടേഷനുകൾ സമർപ്പിക്കൽ:

- സീൽ ചെയ്ത ക്വട്ടേഷനുകൾ മേൽപറഞ്ഞ വിലാസത്തിൽ 09.09.2025 11:30 AM നുള്ളിൽ സമർപ്പിക്കേണ്ടതാണ്.
- "**പഴയ വസ്തുവകകൾ നശിപ്പിക്കുന്നതിനുള്ള ക്വട്ടേഷൻ**" എന്ന് കവറിന് മേൽ വ്യക്തമായി എഴുതുക.

### 5. നിബന്ധനകളും വ്യവസ്ഥകളും:

- വസ്തുവകകൾ നിലവിലുള്ള സ്ഥിതിയിൽ (as is where is condition) മേൽ പറഞ്ഞ വിലാസത്തിൽ നിന്നും ഏറ്റെടുത്ത് കൊണ്ടുപോകുന്നതിനാണ് ബിഡ് സമർപ്പിക്കേണ്ടത്.
- ഇതുമായി ബന്ധപ്പെട്ട എല്ലാവിധ ചെലവുകളും (വസ്തുവകകൾ തൂക്കി നോക്കുന്നത്, രേഖകൾ ബാങ്കിൽ നിന്നും കൊണ്ട് പോകുന്നത്,

കയറ്റിറക്ക് കൂലി, ഏതെങ്കിലും തരത്തിലുള്ള നികുതികൾ മുതലായവ) ബിഡ്ഡർ തന്നെ വഹിക്കേണ്ടതാണ്.

- വസ്തുവകകൾ തരംതിരിച്ചിട്ടില്ലാത്തതിനാൽ നിലവിലുള്ള സ്ഥിതിയിൽ മതിപ്പ് വിലയാണ് ബിഡ് ചെയ്യേണ്ടത്.
- വസ്തുവകകളുടെ അളവ് / തൂക്കം ആവശ്യമെങ്കിൽ ബിഡ്ഡർക്ക് നേരിട്ട് വിലയിരുത്താവുന്നതാണ്. പിന്നീടുള്ള തർക്കങ്ങൾ/അവകാശവാദങ്ങൾ പരിഗണിക്കുന്നതല്ല.
- വസ്തുവകകൾ നീക്കം ചെയ്യുന്നതിന് മുൻപായി തുക മുഴുവനായി ബാങ്കിൽ അടച്ച് രസീതി വാങ്ങേണ്ടതാണ്
- ബിഡിനോടൊപ്പം രൂ. 5000 (അയ്യായിരം രൂപ) ന്റെ EMD, കേരളാ ഗ്രാമീൺ ബാങ്കിന്റെ പേരിൽ മലപ്പുറത്ത് മാറാവുന്ന Demand Draft ആയി സമർപ്പിക്കേണ്ടതാണ്
- യോഗ്യരായ ബിഡ്ഡർമാരിൽ ഏറ്റവും കൂടുതൽ തുക ബിഡ് ചെയ്യുന്ന വ്യക്തിക്കോ സ്ഥാപനത്തിനോ ആയിരിക്കും ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി  കോൺട്രാക്ട് നൽകുന്നത്
- ബാങ്കിന് ഏത് ബിഡും കാരണം ചൂണ്ടിക്കാണിക്കാതെ സ്വീകരിക്കാനും തള്ളാനും അവകാശം ഉണ്ടാകും,
- ബിഡ്ഡുകൾ ലഭിച്ച ശേഷം, ആവശ്യമെങ്കിൽ ലേലം നടത്തുന്നതിനുള്ള അധികാരം ബാങ്കിന് ഉണ്ടായിരിക്കുന്നതാണ്
- കേരള ഗ്രാമീൺ ബാങ്കിന്റെ തീരുമാനം അന്തിമവും  പങ്കെടുക്കുന്ന എല്ലാവർക്കും ബാധകവുമായിരിക്കും.
- വിജയിയായ ബിഡ്ഡർ കരാർ അനുവദിച്ചതിനുശേഷം 2 ദിവസത്തിനുള്ളിൽ ഏറ്റെടുക്കൽ പൂർത്തീകരിക്കണം.

### 6. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**Assistant General Manager, General Administration Wing, Kerala Gramin Bank, Head Office, Malappuram – 676505**

**0483 – 2734847, 9400999066, gawing.kgb@keralagbank.com**

### 7. പ്രധാന തീയതികൾ:

- ക്വട്ടേഷനുകൾ സമർപ്പിക്കാനുള്ള അവസാന തീയതി: 09.09.2025, 11:30 AM
- പരിശോധന തീയതി: സെപ്റ്റംബർ 1, 2, 3, 8
- ബിഡ് തുറക്കുന്നത്: 09.09.2025, 5:00 PM

**കുറിപ്പ്:** പ്രക്രിയയ്ക്കിടയിൽ ഉണ്ടാകുന്ന ഏത് വിധത്തിലുള്ള നാശനഷ്ടത്തിനും കേരള ഗ്രാമീൺ ബാങ്ക് ഉത്തരവാദിയായിരിക്കില്ല

**Assistant General Manager**